LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ - 110.11 കോടി രൂപ

ഗവൺമെന്റ് ഇതര സ്പെഷ്യൽ സ്കൂളുകൾ - 28.95 കോടി രൂപ

ഗവൺമെന്റ് ഇതര കോളേജുകൾ - 986.29 കോടി രൂപ

പ്രൈവറ്റ് എൻജിനീയറിംഗ് കോളേജുകൾ - 62.93 കോടി രൂപ

പ്രൈവറ്റ് പോളിടെക്നിക്കുകൾ - 21.39 കോടി രൂപ

(ബി) വിവിധ വകുപ്പുതലവന്മാർ സമർപ്പിച്ച വിശദാംശങ്ങൾ പ്രകാരം സംസ്ഥാനത്ത് ഇപ്പോൾ ആകെയുള്ള അധ്യാപക അധ്യാപകേതര ജീവനക്കാരുടെ എണ്ണം 2,36,139 (രണ്ട് ലക്ഷത്തി മുപ്പത്തി ആറായിരത്തി നൂറ്റി മുപ്പത്തിയൊൻപത്) ആണ്. ഇതിൽ പ്രൈവറ്റ് എയ്ഡഡ് മേഖലയിലുള്ളവരുടെ എണ്ണം 1,37,970 (ഒരു ലക്ഷത്തി മുപ്പത്തി എഴായിരത്തി തൊള്ളായിരത്തി എഴുപത്) ആണ്. ഇവരിൽ 2939 അദ്ധ്യാപകരെ പ്രൊട്ടക്ടഡ് ആയി കണക്കാക്കുന്നു. അനാദായകരമായി കരുതുന്ന സ്കൂളുകളിലെ മൊത്തം സ്റ്റാഫിന്റെ എണ്ണം 31906-ഉം ഇവരുടെ ശമ്പള ചെലവ് പ്രതിവർഷം 947.41 കോടി രൂപ രൂപയുമാണ്.

പെട്രോൾ, ഡീസൽ, വില്പനയിലെ നികുതി വർദ്ധനവ്

176 (516) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പെട്രോൾ, ഡീസൽ വിൽപ്പനയിലെ നികുതി വർദ്ധനവിലൂടെ ഇതിനകം എത്ര കോടി രൂപ ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര തവണ ഈ വർദ്ധനവ് വരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സാമ്പത്തിക വർഷം ഇതിനകം പെട്രോൾ, ഡീസൽ വിൽപ്പന നികുതി വർദ്ധനവിലൂടെ 7.74 കോടി രൂപ ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ പെട്രോളിന് 3 തവണയും ഡീസലിന് 2 തവണയും നികുതി വർദ്ധിപ്പിച്ചു.

പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ വില്പന നികുതി

177 (517) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് വില്പന നടത്തുന്ന പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം, എന്നിവയുടെ വില്പന നികുതി എത്ര ശതമാനമായിരുന്നു, നിലവിലുള്ളത് എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2010-11 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ വില്പന നികുതി ഇനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം എത്ര കോടി രൂപയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) 2013-14 സാമ്പത്തിക വർഷം മേൽപ്പറഞ്ഞവയുടെ വില്പന നികുതി ഇനത്തിൽ ലഭിച്ച മൊത്തം വരുമാനം എത്ര കോടി രൂപയാണ്, നടപ്പ് സാമ്പത്തികവർഷം നാളിതുവരെ ലഭിച്ച വരുമാനം എത്ര കോടി രൂപയാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ ഏറ്റവും ഒടുവിൽ എത്ര ശതമാനം വീതം വില്പന നികുതി വർദ്ധിപ്പിച്ചു ; ഇതുവഴി പ്രതിവർഷം പ്രതീക്ഷിക്കുന്ന അധികവരുമാനം എത്ര കോടി രൂപയാണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുള്ള നിരക്ക് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly